CHRISTIAN MUSICOLOGICAL SOCIETY OF INDIA

03 July 2020, 13:09



ഫാദർ ജോസഫ് പാലയ്ക്കൽ സി.എം.ഐ.

# ഫാദർ ജോസഫ് പാലയ്ക്കൽ ഗായകനും സംഗീതഗവേഷകനും

ക്രിസ്തീയ ഗാനരംഗത്ത് തനിമയാർന്ന സംഭാവനകൾ നല്കിയിട്ടുള്ള ഫാദർ ഡോ. ജോസഫ് പാലയ്ക്കൽ ആലപിച്ച ഗാനങ്ങളാണ് ഈ മഞ്ജരി – ശബ്ദരേഖയോടെ... :- ഫാദർ വില്യം നെല്ലിക്കല്
ഗാനമഞ്ജരി 15 - പാലയ്ക്കലച്ചൻറെ ഗാനങ്ങള്

**1. പാലയ്ക്കലച്ചൻറെ മൗലികമായ സംഭാവനങ്ങള്**
അച്ചൻറെ ഗാനങ്ങൾ പഴക്കമുള്ളവയാണെങ്കിലും തദ്ദേശ ക്രിസ്തീയ സംഗീത ചരിത്രത്തിലെ നാഴികക്കല്ലുകളാണ്. രണ്ടാം വത്തിക്കാൻ  സൂനഹദോസിൻറെ പ്രബോധനം മനസ്സിലേറ്റി ക്രിസ്തീയ ഭക്തിഗാന രംഗത്ത് മൗലികമായ പരീക്ഷണങ്ങൾ നടത്തിയിട്ടുള്ള സംഗീതജ്ഞരിൽ ഒരാളാണ് സി.എം.ഐ. സഭാംഗമായ ഫാദർ ജോസഫ് പാലയ്ക്കൽ. ഇതിനു തെളിവാണ് ഡെക്കാൻ (Deccan), എച്ച്.എം.വി. (H.M.V.) റെക്കോർഡിങ് കമ്പനികൾ പാലക്കലച്ചൻറെ നല്ല ബാരിറ്റോൺ ശബ്ദത്തിൽ നിരവധി ഭക്തിഗാനങ്ങളും ഭജനകളും ധ്യാനഗീതികളും - മലയാളം, സംസ്കൃതം, ഹിന്ദി ഭാഷകളിൽ പുറത്തുകൊണ്ടുവന്നത്.

**2. ഇന്നും സജീവമായ സംഗീതജീവിതം**
ഇപ്പോൾ അമേരിക്കയിലെ ന്യൂയോർക്ക് അതിരൂപതയിൽ അജപാലനശുശ്രൂഷ ചെയ്യുമ്പോഴും അദ്ദേഹം സുറിയാനി സംഗീത ഗവേഷണപഠനത്തിൽ വ്യാപൃതനാണ്. കർണ്ണാട്ടിക്-ഹിന്ദുസ്ഥാനി സംഗീതശാഖകളിൽ പ്രാവീണ്യമുള്ള പാലയ്ക്കലച്ചൻ ക്രിസ്ത്യൻ മ്യൂസിക്കളോജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ (Christian Musicological Society of India) എന്ന പ്രസ്ഥാനത്തിൻറെ സ്ഥാപകനും ഡയറക്ടറുമാണ്.  അച്ചൻ ചേർത്തല-പള്ളിപ്പുറം സ്വദേശിയാണ്.

**3. ഗാനങ്ങള്**

**a) കല്ലെറിയാൻ കൊണ്ടുവന്നീ...**

പാലയ്ക്കലച്ചൻ ആലപിച്ച ആദ്യഗാനം
മഹാകവി ചെറിയാൻ കുനിയന്തോടത്ത് സി.എം.ഐ. രചിച്ചതാണ്.
സംഗീതം : കെ. ജെ. ജോയ്.

**b) ഓം ജഗത് ജ്യോതി...**

ഫാദർ ജോണി മണവാളൻ രചിച്ച സംസ്കൃത ശ്ലോകം.
ചിട്ടപ്പെടുത്തിയത് ഫാദർ ആൻറോ അമർനാഥ് സി.എം.ഐ.
ആലാപനം ഫാദർ ജോസഫ് പാലയ്ക്കല്.

**c) ജീവിതമൊരു നീർപ്പോളയല്ലയോ...**

പാലയ്ക്കലച്ചൻ പാടിയ ധ്യാനഗീതം.
രചിച്ചത് കണ്ണാടി വിജയപ്രകാശ്,
സംഗീതം പീറ്റർ റൂബന്.

**വത്തിക്കാൻ വാർത്താവിഭാഗത്തിൻറെ ഗാനമഞ്ജരി : ഫാദർ ഡോ. ജോസഫ് പാലയ്ക്കലിൻറെ ഭക്തിഗാനങ്ങള്**

https://www.vaticannews.va/ml/world/news/2020-07/musical-serenade-xv-joseph-palackal-cmi.html